**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120** **19-09-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തെ ആഗോള വിനോദസഞ്ചാരത്തിന്റെ ആകർഷണ കേന്ദ്രമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമ, നഗര വ്യത്യാസമില്ലാതെ കേരളത്തെ ആഗോള വിനോദസഞ്ചാരത്തിന്റെ പ്രധാന ആകർഷണ കേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ ആഗോള ടൂറിസം വിപണിയിൽ നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡ് ആയി ശ്രദ്ധിക്കപ്പെടാനും വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനുമായി നിരവധി പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>ഓരോ കേരളീയനും അവരുടെ നാടിന്റെ പ്രകൃതി സൗന്ദര്യവും സാംസ്കാരിക സമൃദ്ധിയും പ്രദർശിപ്പിക്കുന്നതിന് അവസരം ഒരുക്കുവാൻ വിനോദ സഞ്ചാരവകുപ്പ് "എന്റെ കേരളം എന്നും സുന്ദരം" എന്ന പദ്ധതി നടപ്പിലാക്കി. എല്ലാവരും അവരവർക്ക് പ്രിയപ്പെട്ട സ്ഥലങ്ങളുടെ ഫോട്ടോകളും വീഡിയോകളും പോസ്റ്റ് ചെയ്യുകയും അതിൽനിന്ന് തെരഞ്ഞെടുക്കുന്നവ കേരള ടൂറിസത്തിന്റെ മ്യൂസിക് വീഡിയോയിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നതാണ് ടി ക്യാമ്പയിൻ.<br><br>കേരളത്തിന്റെ സൗന്ദര്യവും സാംസ്കാരിക സമ്പന്നതയും ലോകമെമ്പാടുമുള്ള പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാരെ പ്രയോജനപ്പെടുത്തി കേരളത്തിന്റെ മനോഹരമായ കാഴ്ചകൾ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ആകർഷകമായ ഫോട്ടോകളും വീഡിയോകളും വഴി അവതരിപ്പിക്കുന്നതിനുള്ള പദ്ധതിയും വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാര വകുപ്പിന്റെ സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ ആക്ടിവിറ്റി എന്ന ഈ പദ്ധതിയിലൂടെ കേരളത്തിലേക്ക് യാത്ര ചെയ്യാൻ താൽപ്പര്യമുള്ള സഞ്ചാരികളിലേക്ക് നേരിട്ട് എത്തുവാനും കേരള ടൂറിസം എന്ന ബ്രാൻഡ് അവബോധം വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. |

ഇതോടൊപ്പം മിഡിൽ ഈസ്റ്റിൽ നിന്നും യൂറോപ്പിൽ നിന്നും കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സോഷ്യൽ മീഡിയ, ഒ.ടി.ടി., എഫ്.എം. റേഡിയോ, എയർപോർട്ട് തുടങ്ങി വിവിധ പ്ലാറ്റ്ഫോമുകളിൽ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ Middle East Campaign 2024, International UK OOH Campaign, International Europe Campaign 2023, Destination Wedding Campaign, What's App Campaign, Holiday Heist, Land of Harmony Video Series തുടങ്ങിയ ഇന്റർനാഷണൽ ക്യാമ്പയിനുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ഹ്യൂമൻ ബൈ നേച്ചർ എന്ന ബ്രാൻഡ് ക്യാമ്പയിൻ ആഗോള ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു.

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരളത്തിന്റെ പരമ്പരാഗത തൊഴിലുകളെ ടൂറിസം ഉത്പന്നങ്ങളാക്കി മാറ്റുന്ന വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകളാക്കി മാറ്റി ആഗോള വിപണിയിലെത്തിക്കുന്നതിനായി വീഡിയോകളും ബ്രോഷറുകളും ഇ-ബുക്കുകളും തയ്യാറാക്കി പുറത്തിറക്കിയിട്ടുണ്ട്. സ്വദേശ-വിദേശ വിനോദസഞ്ചാരികളെ കേരളത്തിലെ ഗ്രാമ നഗര വ്യത്യാസമില്ലാതെ എത്തിക്കുന്നതിന് വേണ്ടി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുകയും സ്ട്രീറ്റ്, പെപ്പർ, മോഡൽ ആർ ടി വില്ലേജ്, കേരള അഗ്രി ടൂറിസം നെറ്റ് വർക്ക്, എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, സ്ത്രീ സൗഹൃദ വിനോദസഞ്ചാര പ്രവർത്തനങ്ങൾ തുടങ്ങിയ വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തുടനീളം ടൂറിസ്റ്റുകളെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടപ്പാക്കി വരുന്നു.

സാഹസിക വിനോദസഞ്ചാര മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പാരാഗ്ലൈഡിംഗ്, സർഫിംഗ്, മൗണ്ടൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് തുടങ്ങിയ വിവിധ സാഹസിക വിനോദസഞ്ചാര മത്സരങ്ങൾ വകുപ്പ് നടത്തുകയുണ്ടായി. ഇതുവഴി സാഹസിക വിനോദസഞ്ചാരമേഖലയിൽ താൽപ്പര്യമുള്ള വിദേശസഞ്ചാരികൾ കേരളം സന്ദർശിക്കുന്നതിനുള്ള സാധ്യതകൾ വർദ്ധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ആഭ്യന്തര - വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിദ്ധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് WTM ലണ്ടൻ, PATA ട്രാവൽമാർട്ട്, FITUR മാഡ്രിഡ്, ITB Berlin, MITT Moscow തുടങ്ങി വിവിധ അന്താരാഷ്ട്ര ടൂറിസം വിപണന മേളകളിൽ സ്ഥിരമായി പങ്കെടുക്കുകയും, Sydney, Melbourne, Frankfurt, Munich, Barcelona, Milan, Paris, London തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ വർഷാവർഷം ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചും വരുന്നു.ഇതോടൊപ്പം കൂടുതൽ രാജ്യങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിന് Look East Policy നടപ്പിലാക്കി. കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ ക്രമാനുഗതമായ വർദ്ധനവ് കണക്കാക്കുമ്പോൾ വിനോദസഞ്ചാര വകുപ്പ് നടത്തുന്ന ഈ പ്രചരണ പ്രവർത്തനങ്ങളെല്ലാം ഫലപ്രദമായിട്ടുണ്ട് എന്ന് കാണാവുന്നതാണ്. |
| (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിത്വപൂർണ്ണവും പരിസ്ഥിതി സൗഹൃദവും ആകർഷകവുമാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണ്; | (ബി) | വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനും, ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.<br><br>**<u>a. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ.</u>**<br><br>കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ല ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന 14 ജില്ലകളിലായി വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ".ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ 2025-26 എന്ന പദ്ധതിയുടെ നടത്തിപ്പിനായി 10,69,20,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**<u>b. കോവളംഡെസ്റ്റിനേഷനിലെ മാലിന്യസംസ്കരണം</u>**<br><br>കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**<u>C. ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം</u>**<br><br>ഇടുക്കി ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി, മൂന്നാർ ബൊട്ടാണിക്കൽ |

ഗാർഡൻ, രാമക്കൽ മേട് (ആമപ്പാറ), രാമക്കൽ മേട് പാർക്ക്, പരുന്തുംപാറ, പാഞ്ചാലി മേട്, വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക്, ഹിൽവ്യൂ പാർക്ക്-ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന്), വാഗമൺ(അഡ്വഞ്ചർ പാർക്ക്), തൊമ്മൻ കുത്ത്, അരുവിക്കുഴി എന്നീ ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം നടത്തുന്നതിനായി "സേവ് ഗ്രീൻ സേവ് ടൂറിസം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.ടി പദ്ധതിയ്ക്കായി 2024-25 –ൽ 75,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യ മുക്തമാക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യരഹിതമായി നിലനിർത്തുന്നതിനും ആയത് പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ബന്ധപ്പെട്ട ഡി റ്റി പി സി കൾ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവർ സംസ്ഥാന ശുചിത്വ മിഷനുമായി ചേർന്ന് ഗ്യാപ്പ് അസ്സസ്മെന്റ് നടത്തുകയും കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച് വരുന്നു.

സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് ഗ്രീൻപ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നത് അത്യന്താപേക്ഷിത മാണെന്നകാര്യം ഗൗരവമായി കാണുന്നുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ജൈവ-അജൈവ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുള്ളതും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നതുമാണ്. പ്ലാസ്റ്റിക്ക് വസ്തുക്കൾ പാർക്കുകളിൽ കൊണ്ടുവരുന്നത് ഒഴിവാക്കുന്നതിന് ശ്രദ്ധ പുലർത്തുന്നതിനും നല്ല രീതിയിൽ സഞ്ചാരികളെ പറഞ്ഞ് മനസ്സിലാക്കുന്നതിനും ജീവനക്കാർക്ക് നിർദ്ദേശം നൽകുന്നുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിത്വപൂർണ്ണവും പരിസ്ഥിതി സൗഹൃദവും ആകർഷകവുമാക്കുന്നതിന്റെ ഭാഗമായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യ മുക്തമാക്കുന്നതിനുള്ള ശാസ്ത്രീയ മാലിന്യ സംസ്കരണ പരിപാടികൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. അതിനാവശ്യമായ അവബോധ

| | | | |
|---|---|---|---|
| | | | ശില്പശാലകൾ നടത്തുന്നുണ്ട്. കേരളത്തിലെ ടൂറിസം അക്കൊമൊഡേഷൻ യൂണിറ്റുകളായ ഹോട്ടലുകളിലും, റിസോർട്ടുകളിലും, ഹോംസ്റ്റേകളിലും പ്ലാസ്റ്റിക് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തി വരുന്നുണ്ട്. ഇതിനു വേണ്ടി ഒരു സർട്ടിഫിക്കറ്റ് ഓഫ് അസ്സോസിയേഷൻ വിവിധ ടൂറിസം സംരംഭങ്ങളുമായി ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്.<br><br>ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദവും ആക്കുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട്. പരിസ്ഥിതി സംബന്ധിയായ നിയമങ്ങളും ഉത്തരവുകളും പാലിച്ച്കൊണ്ടും ആവശ്യമായ പാരിസ്ഥിതിക അനുമതികൾ നേടിയ ശേഷമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. വനമേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നത് ഇക്കോടൂറിസം ഡയറക്ടറേറ്റ് മുഖേനയാണ്. ഇത്തരം ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കുമ്പോൾ വനം പരിസ്ഥിതി നിയമങ്ങളും നിബന്ധനകളും കൃത്യമായി പാലിക്കാറുണ്ട്. സുസ്ഥിര ടൂറിസം വികസനത്തിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ ഉത്സവങ്ങളും ആഘോഷങ്ങളും ഇവിടെ എത്തുന്ന സഞ്ചാരികളുടെ പ്രധാന ആകർഷണമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെത്തുന്ന വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ആഘോഷങ്ങളും ഉത്സവ പരിപാടികളും :-<br><br>**ഓണാഘോഷം**<br><br>എല്ലാ വർഷവും ഓണാഘോഷം വളരെ വിപുലമായ രീതിയിൽ സംസ്ഥാനത്ത് നടത്തിവരുന്നുണ്ട്. സംസ്ഥാനതല ഓണാഘോഷം തിരുവനന്തപുരത്തും സമീപ പ്രദേശങ്ങളിലുമായി ഏതാണ്ട് 30-ഓളം വേദികളിലായും എല്ലാ ജില്ലകളിലും ഏഴുദിവസം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികളായും ആണ് സംഘടിപ്പിക്കുന്നത്. വിവിധങ്ങളായ കലാപരിപാടികളാണ് ഓണാഘോഷത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്നത്. സംസ്ഥാനതല ഓണാഘോഷപരിപാടികളുടെ സമാപനദിവസം തിരുവനന്തപുരത്ത് വിവിധ സർക്കാർ വകുപ്പുകൾ സംഘടിപ്പിക്കുന്ന വർണ്ണശബളമായ സാംസ്ക്കാരിക ഘോഷയാത്രയും സംഘടിപ്പിക്കുന്നുണ്ട്. ഓണാഘോഷം അന്തർദേശീയ ടൂറിസം ഭൂപടത്തിൽ ഇടംനേടി. വിദേശസഞ്ചാരികളും ഉത്തരവാദിത്ത ടൂറിസത്തിന്റെ അന്താരാഷ്ട്ര സംഘവും ഓണാഘോഷത്തിന് എത്തി. |

| | | | |
|---|---|---|---|
| | | | **നിശാഗന്ധി**<br><br>എല്ലാവർഷവും ഫെബ്രുവരി മാസത്തിൽ തിരുവനന്തപുരത്ത് കനകക്കുന്നിലെ നിശാഗന്ധി ഓഡിറ്റോറിയത്തിലാണ് പ്രശസ്തമായ നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഭരതനാട്യം കുച്ചിപ്പുടി, മോഹിനിയാട്ടം, മണിപ്പൂരി, സത്രിയ, കഥക്, ഒഡീസി തുടങ്ങിയ നൃത്തരംഗത്തെ പ്രഗത്ഭരായ പ്രതിഭകളെ പങ്കെടുപ്പിച്ചുകൊണ്ടാണ് നിശാഗന്ധി നൃത്തോത്സവം സംഘടിപ്പിക്കുന്നത്.<br><br>**വസന്തോത്സവം**<br><br>എല്ലാവർഷവും പുതുവത്സരാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് കനകക്കുന്നിൽ ഏഴുദിവസം നീണ്ടുനിൽക്കുന്ന വസന്തോത്സവം നടത്തി വരുന്നുണ്ട്. വസന്തോത്സവത്തിൽ വിവിധങ്ങളായ പുഷ്പങ്ങളുടെയും സസ്യങ്ങളുടെയും പ്രദർശനവും വിപണനവും സംഘടിപ്പിച്ചു വരുന്നുണ്ട്. ഈ വർഷത്തെ വസന്തോത്സവത്തിൽ ഏകദേശം ഒരു ലക്ഷത്തി ഇരുപതിനായിത്തോളം പേർ പങ്കെടുത്തു.<br><br>**ന്യൂ ഇയർ ലൈറ്റിംഗ്**<br><br>ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതിയാണ് ന്യൂ ഇയർ കാലത്തെ വൈദ്യുത അലങ്കാര പദ്ധതി. ന്യൂ ഇയർ ലൈറ്റിംഗ് ആകർഷകമായ രീതിയിൽ സംഘടിപ്പിച്ചു. തിരുവനന്തപുരത്തിന് പുറമെ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ന്യൂ ഇയർ ലൈറ്റിംഗ് സംഘടിപ്പിച്ചു.<br><br>കേരളത്തിലെ വിവിധങ്ങളായ ഉത്സവങ്ങൾ, വള്ളംകളികൾ എന്നിവയ്ക്ക് സർക്കാർ ധനസഹായം അനുവദിച്ചു വരുന്നു.<br><br>കേരളത്തിൽ അന്താരാഷ്ട്ര മൗണ്ടെൻ സൈക്ലിംഗ് (എംടിബി), കേരള അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിംഗ്, മലബാർ റിവർഫെസ്റ്റിവൽ എന്നീ മത്സരങ്ങളും, കേരളത്തിൽ ആദ്യമായി അന്താരാഷ്ട്ര സർഫിങ് ചാമ്പ്യൻഷിപ്പും അന്താരാഷ്ട്ര പാരാ ഗ്ലൈഡിങ് ഫെസ്റ്റിവലും സംഘടിപ്പിക്കുന്നു. കേരളത്തിലെ പ്രധാന ഉത്സവങ്ങൾ ഉൾപ്പെടുത്തിയ ഉത്സവ കലണ്ടർ തയ്യാറാക്കി വകുപ്പിന്റെ വെബ് സൈറ്റിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | വിനോദസഞ്ചാരമേഖലയുടെ നൂതനകാലത്തെ സാഹചര്യങ്ങളും സാധ്യതകളും പരിഗണിച്ച് ഈ | (ഡി) | നൂതന കാലത്തിനനുസരിച്ച് ടൂറിസം മേഖലയെ പരിഷ്കരിക്കുന്നതിനും അതുവഴി കൂടുതൽ |

| | | | |
|---|---|---|---|
| | മേഖലയുടെ ഭാവികാല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദീകരിക്കാമോ? | | വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് വിവിധ പദ്ധതികളും മാർക്കറ്റിംഗ് സ്റ്റാറ്റജികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ ഡിജിറ്റൽ മാർക്കറ്റിംഗ് ക്യാമ്പയിനുകളിലൂടെ കേരള ടൂറിസത്തിന് ലോകമെമ്പാടുമുള്ള സഞ്ചാരികളിലേക്ക് എത്തിച്ചേരുവാനും കേരളത്തിന്റെ മനോഹാരിതയും വൈവിധ്യവും വിവിധ ഓൺലൈൻ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കുന്നതിനും വിനോദ സഞ്ചാരികളുമായി നേരിട്ട് സംവദിക്കാനും വിവരങ്ങൾ നൽകുവാനും വിനോദസഞ്ചാരികളുടെ താൽപ്പര്യങ്ങൾ മനസിലാക്കി വിപണനതന്ത്രങ്ങൾ മെച്ചപ്പെടുത്തുവാനും ഗുണകരമാകുന്നു. വിനോദസഞ്ചാര വകുപ്പ് നടത്തിവരുന്ന ഡിജിറ്റൽ മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള നൂതന വിപണന തന്ത്രങ്ങളിലൂടെ കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റേഴ്സ് തുടങ്ങിയ വ്യവസായ മേഖലകളിൽ കൂടുതൽ സാമ്പത്തിക നേട്ടവും, തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നതിനും കാരണമായി. ചുരുക്കത്തിൽ ഡിജിറ്റൽ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും ടൂറിസം പ്രോത്സാഹനത്തിനും ടൂറിസം മേഖലയുടെ വളർച്ചയ്ക്കും വളരെ പ്രധാനപ്പെട്ട ഒരു ഉപാധിയാണ്. ഈ വർഷം വിനോദസഞ്ചാര വകുപ്പ് കരസ്ഥമാക്കിയ നൂതന ഡിജിറ്റൽ മാർക്കറ്റിംഗ് ക്യാമ്പയിനുള്ള 2024-ലെ PATA ഗോൾഡ് അവാർഡും, ITB Berlin 2025-ലെ ഗോൾഡൻ സിറ്റി ഗേറ്റ് അവാർഡുകളും കേരള ടൂറിസത്തിന്റെ ഡിജിറ്റൽ മാർക്കറ്റിംഗ് തന്ത്രങ്ങളുടെ ഫലപ്രാപ്തി ചൂണ്ടിക്കാണിക്കുന്നു.<br><br>വിനോദസഞ്ചാരമേഖലയുടെ നൂതനകാലത്തെ സാഹചര്യങ്ങളും സാധ്യതകളും പരിഗണിച്ച് ഈ മേഖലയുടെ ഭാവികാല പ്രവർത്തനങ്ങൾ മുൻനിർത്തി വ്യത്യസ്തമായ പ്രവർത്തനങ്ങൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ആവിഷ്കരിച്ച് പദ്ധതിയായി മുന്നോട്ട് വെച്ചിട്ടുണ്ട്. സ്ത്രീ സൗഹൃദ വിനോദ സഞ്ചാരം, ഷീ ടൂറിസം, കമ്മ്യൂണിറ്റി അധിഷ്ഠിത ടൂറിസം കേന്ദ്രങ്ങൾ, കാർബൺ ന്യൂട്രൽ ഡെസ്റ്റിനേഷനുകളുടെ വികസനം, സാംസ്കാരിക വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ